# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.10.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ത്രിരാഷ്ട്ര ആഫ്രിക്കൻ സന്ദർശനത്തിനായി യാത്ര തിരിച്ച രാഷ്ട്രപതി ദ്രൗപദി മുർമു ഇന്നു രാത്രി അൾജീരിയയിൽ എത്തിച്ചേരും.

   **President Draupadi Murmu, who is on a three-nation African visit, will reach in Algeria tonight.**

2. പി എം ഗതിശക്തി ദേശീയ മാസ്റ്റർ പ്ലാൻ രാജ്യത്തെ നിരവധി പേർക്ക് പുതിയ അവസരങ്ങൾ സൃഷ്ടിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **PM Gati Shakti National Master Plan has created new opportunities for many people in the country: Prime Minister Narendra Modi.**

3. വിജയദശമി ദിനത്തിൽ അറിവിന്റെ ആദ്യക്ഷരം കുറിച്ച് കുരുന്നുകൾ. സംസ്ഥാനത്തെ ദേവീക്ഷേത്രങ്ങളിൽ വൻഭക്തജനത്തിരക്ക്.

   **Thousands of toddlers were initiated into the world of letters on Vijayadashami day. Devotees throng the state's temples.**

4. ശബരിമലയിൽ സ്പോട്ട് ബുക്കിങ്ങിന് പകരം ക്രമീകരണം ഏർപ്പെടുത്തുമെന്ന് മന്ത്രി വി എൻ വാസവൻ. ശബരിമല തീർത്ഥാടനം അലങ്കോലമാക്കാൻ ശ്രമമെന്ന് മുൻ കേന്ദ്ര മന്ത്രി വി. മുരളീധരൻ.

   **Minister VN Vasavan said that arrangements will be made instead of spot booking at Sabarimala. Former Union Minister V. Muralidharan.**

5. തെക്കേ ഇന്ത്യയിൽ 4 ദിവസത്തിനുള്ളിൽ തുലാവർഷം ആരംഭിക്കാൻ സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്.

**Meteorological department said monsoon is likely to start in South India in 4 days.**

6. വനിതാ ടി20 ക്രിക്കറ്റ് ലോകകപ്പിൽ സ്കോട്ട്ലൻഡിനെ ഇംഗ്ലണ്ട് 10 വിക്കറ്റിന് പരാജയപ്പെടുത്തി.

**England beat Scotland by 10 wickets in Women's T20 Cricket World Cup.**

**&&&&&&&&&&&&&&**

## HEADLINE 1

## PREZ-VISIT-INTRO

ത്രിരാഷ്ട്ര ആഫ്രിക്കൻ സന്ദർശനത്തിനായി ഡൽഹിയിൽ നിന്ന് യാത്ര തിരിച്ച രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാത്രി അൾജീരിയയിലെത്തും. നാളെ മുതൽ ഈ മാസം 19 വരെ നീണ്ടു നിൽക്കുന്ന സന്ദർശനത്തിൽ അൾജീരിയക്ക് പുറമെ മൗറിറ്റാനിയ, മലാവി എന്നീ ആഫ്രിക്കൻ രാഷ്ട്രങ്ങളും രാഷ്ട്രപതി സന്ദർശിക്കും. സന്ദർശന വേളയിൽ, ഉഭയകക്ഷി യോഗങ്ങളിലും ഇന്ത്യൻ സമൂഹവുമായുള്ള ആശയവിനിമയ പരിപാടിയിലും ശ്രീമതി മുർമു പങ്കെടുക്കും. ആഫ്രിക്കയിലെ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുകയാണ് സന്ദർശനത്തിൻറെ ലക്ഷ്യം.

വിശദാംശങ്ങളിലേക്ക്....

(വോയിസ്)

**&&&&&&&&&&&&&&**

## HEADLINE 2

## PM GATISHAKTI

പി എം ഗതിശക്തി ദേശീയ മാസ്റ്റർ പ്ലാൻ രാജ്യത്തെ നിരവധി പേർക്ക് പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതിനു കാരണമായതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. പദ്ധതി മൂന്ന് വർഷം പൂർത്തിയാക്കിയതിനോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. ഗതി ശക്തിയിലൂടെ വികസിത ഭാരതമെന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് വേഗം ആർജിക്കാനാകുമെന്നും ശ്രീ മോദി പറഞ്ഞു. പദ്ധതി വിവിധതലങ്ങളുമായുള്ള ബന്ധം ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. മേഖലകളിലുടനീളം വേഗത്തിലും കാര്യക്ഷമമായും വികസനം സാധ്യമാക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. വിവിധ സാമ്പത്തിക മേഖലകളിലേക്ക് ബഹുതല സമ്പർക്കസംവിധാനം, അടിസ്ഥാനസൗകര്യ വികസനം എന്നിവ ലഭ്യമാക്കുന്നതിനായി 2021-ലാണ് പിഎം ഗതിശക്തി ആരംഭിച്ചത്.

&&&&&&&&&&&&&&

## OM BIRLA - IPU

149 ആമത് ഇന്റർ പാർലമെന്റ് യൂണിയൻ അസംബ്ലിക്ക് ജനീവയിൽ തുടക്കം. ഈ മാസം 17 വരെയാണ് യോഗം. അസംബ്ലിയിൽ പങ്കെടുക്കുന്ന ഇന്ത്യൻ സംഘത്തെ ലോക്സഭാ സ്പീക്കർ ഓം ബിർള നയിക്കും. ജനീവയിലെ ഇന്ത്യൻ സമൂഹവുമായി നാളെ കൂടിക്കാഴ്ച നടത്തുന്ന ശ്രീ. ഓം ബിർള മറ്റു രാജ്യങ്ങളിലെ നിയമനിർമ്മാണ സഭാധ്യക്ഷന്മാരുമായും കൂടിക്കാഴ്ചകൾ നടത്തും. രാജ്യസഭാ ഉപാധ്യക്ഷൻ, ഇരു സഭകളിലെയും സെക്രട്ടറി ജനറലുമാർ, പാർലമെന്റ് അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നതാണ് ഇന്ത്യൻ സംഘം.

&&&&&&&&&&&&&&

## TELANGANA-ALAI BALAI

രാജ്യത്തെ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള ഐക്യംനിലനിർത്തേണ്ടത് അത്യാവശ്യമെന്ന് മുൻ ഉപരാഷ്ട്രപതി എം വെങ്കയ്യ നായിഡു. ദസറയോട് അനുബന്ധിച്ച് ഹൈദരാബാദിൽ നടന്ന അലൈ ബലായി ആഘോഷചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അലൈ ബലായി പോലുള്ള ആഘോഷങ്ങൾ സംസ്കാരത്തെയും പൈതൃകത്തെയും മുന്നോട്ട് നയിക്കും. ഉത്സവങ്ങൾ കുടുംബങ്ങളെയും സമൂഹങ്ങളെയും രാജ്യത്തെയും ഒരുമിക്കുന്നതാണെന്നും ശ്രീ നായിഡു പറഞ്ഞു. 2005-ലാണ് തെലങ്കാനയുടെ സംസ്കാരികോൽസവമായ അലൈ ബലായി ആഘോഷങ്ങൾക്ക് തുടക്കമായത്.

**&&&&&&&&&&&&&&**

## MHA-UNITED NATIONS DAY

സ്ഥിരമായി ദേശീയ പതാക ഉയർത്തുന്ന സർക്കാർ സ്ഥാപനങ്ങളിൽ ഐക്യരാഷ്ട്ര ദിനത്തോടനുബന്ധിച്ച് ഈ മാസം 24 ന് ദേശീയ പതാകയ്ക്കൊപ്പം യു.എൻ പതാകയും ഉയർത്തണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം. അതേസമയം, രാഷ്ട്രപതി ഭവൻ, ഉപരാഷ്ട്രപതി ഭവനം, പാർലമെൻ്റ് മന്ദിരം, സുപ്രീം കോടതി മന്ദിരം, എന്നിവിടങ്ങളിൽ ഐക്യരാഷ്ട്രസഭയുടെ പതാക ഉയർത്തേണ്ടതില്ലെന്നും മന്ത്രാലയം അറിയിച്ചു.രാജ്ഭവനുകൾ, രാജ് നിവാസുകൾ, ലെജിസ്ലേറ്റീവ് കൗൺസിൽ കെട്ടിടങ്ങൾ, നിയമസഭകൾ, ഹൈക്കോടതികൾ എന്നിവിടങ്ങളിലും യു.എൻ പതാക ഉയർത്തേണ്ടതില്ല.

**&&&&&&&&&&&&&&**

## MAHA-SHARAD PAWAR

ഒരു രാഷ്ട്രീയ മാറ്റത്തിനായി മഹാരാഷ്ട്രയിലെ ജനങ്ങൾ കാത്തിരിക്കുകയാണെന്ന് നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി (എസ്.പി) അധ്യക്ഷൻ ശരദ് പവാർ . വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ഇത് പ്രതിഫലിക്കുമെന്നും മുംബൈയിൽ മഹാ വികാസ് അഘാഡി സഖ്യത്തിന്റെ സംയുക്ത പത്രസമ്മേളനത്തിൽ അദ്ദേഹം ആരോപിച്ചു.

&&&&&&&&&&&&&&

## PM INTERNSHIP

പി എം ഇന്റേൺഷിപ് പദ്ധതിയിലേക്കുള്ള രജിസ്ട്രേഷനിൽ ആശാവഹമായ പ്രതികരണം. ഇന്നലെ ആരംഭിച്ച രജിസ്ട്രേഷൻ ഈ മാസം 25 വരെ തുടരും. pm internship.mca.gov.in എന്ന ഓൺലൈൻ പോർട്ടലിലൂടെയാണ് അപേക്ഷിക്കേണ്ടത്. പോർട്ടലിൽ ഇതുവരെ 193 കമ്പനികൾ ഏകദേശം 91,000 ഇന്റേൺഷിപ്പ് അവസരങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 1.25 ലക്ഷം പേർക്ക് ഇന്റേൺഷിപ്പ് നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&

## HEADLINE 5

## RAIN KERALA

അടുത്ത 4 ദിവസത്തിനുള്ളിൽ രാജ്യത്ത് നിന്ന് കാലവർഷം പൂർണ്ണമായും വിടവാങ്ങാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അതെ ദിവസങ്ങളിൽ തന്നെ തെക്കേ ഇന്ത്യയിൽ തുലാവർഷം ആരംഭിച്ചേക്കുമെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. സംസ്ഥാനത്ത് വരും ദിവസങ്ങളിൽ കനത്ത മഴ തുടരുമെന്ന് മുന്നറിയിപ്പുണ്ട്. തെക്കൻ കേരള-ലക്ഷദ്വീപ്

തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&

## HEADLINE 3

## VIJAYADESAMI

വിജയദശമി ദിനത്തിൽ  അറിവിന്റെ ആദ്യക്ഷരം കുറിച്ച് കുരുന്നുകൾ. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി എന്നിവർ കുട്ടികൾക്ക് ഹരിശ്രീ കുറിച്ചു. കോഴിക്കോട് കേസരിഭവനിൽ നടന്ന വിദ്യാരംഭച്ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പങ്കെടുത്തു. പറവൂർ ദേവീ ക്ഷേത്രം, ചോറ്റാനിക്കര ദേവി ക്ഷേത്രം, തിരൂർ തുഞ്ചൻപറമ്പ്, ആറ്റുകാൽ ദേവീ ക്ഷേത്രം, തോന്നയ്ക്കൽ ആശാൻ സ്മാരകം, എന്നിവിടങ്ങളിൽ നൂറു കണക്കിന് കുരുന്നുകൾ ആദ്യക്ഷരം കുറിയ്ക്കാൻ എത്തി.

&&&&&&&&&&&&&&

## PANACHICADU- INTRO

കോട്ടയം പനച്ചിക്കാട് സരസ്വതി ക്ഷേത്രത്തിൽ നിരവധി കുരുന്നുകളാണ് വിദ്യാദേവിയുടെ അനുഗ്രഹം തേടി ഹരിശ്രീ കുറിച്ചത്.

വിശദാംശങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ടോം മാത്യു...
(വോയിസ്)

&&&&&&&&&&&&&&

## HEADLINE 4

## V N VASAVAN

ശബരിമലയിലെത്തുന്ന തീർഥാടകർക്ക് ദർശനം നിഷേധിക്കില്ലെന്നും നിരാശരായി തിരിച്ചുപോകേണ്ടി വരില്ലെന്നും മന്ത്രി വി എൻ വാസവൻ. പുതുപ്പള്ളിയിൽ മാധ്യമപ്രവർത്തകരോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്ലോട്ട് ബുക്കിങ്ങിന് പകരം ക്രമീകരണം ഏർപ്പെടുത്തും. കൂടാതെ ഇടത്താവളങ്ങളിൽ അക്ഷയ കേന്ദ്രങ്ങളുടെ സഹായത്തോടെ ബുക്കിങ് സൗകര്യം ഒരുക്കുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&

## HEADLINE 4 A

## V MURALEEDHARAN

ശബരിമല തീർത്ഥാടനം അലങ്കോലമാക്കാനാണ് സർക്കാരിന്റെ ഭാഗത്തു നിന്നുള്ള ശ്രമമെന്ന് മുൻ കേന്ദ്ര മന്ത്രി വി. മുരളീധരൻ. കേരള സർക്കാരിന് ശബരിമലയിൽ ഭക്തർക്ക് വേണ്ട സൗകര്യങ്ങൾ നല്കാൻ കഴിയുന്നില്ല. ഇത് മറച്ച് വയ്ക്കാനുള്ള വിവാദമാണ് സ്ലോട്ട് ബുക്കിങ്ങെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

&&&&&&&&&&&&&&

## V D SATHEESHAN

മാസപ്പടി കേസിൽ മുഖ്യമന്ത്രിയുടെ മകൾക്കെതിരെ കേന്ദ്ര ഏജൻസിയായ S.F.I.O നടത്തുന്ന അന്വേഷണം പ്രഹസനമാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. സംസ്ഥാനത്തെ ഉപതെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് കൊണ്ട് നടക്കുന്ന കാര്യങ്ങളാണ് ഇതെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു. മാസപ്പടി കേസ് കമ്പനികൾ തമ്മിലുള്ള

വിഷയമാണെന്നും ഇക്കാര്യത്തിൽ പാർട്ടി മറുപടി പറയേണ്ട കാര്യമില്ലെന്നും സി.പി.ഐ.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ പറഞ്ഞു.

&&&&&&&&&&&&&&

## HEADLINE 6

## T20 WOMENS WORLD CUP

വനിതാ ടി-20 ക്രിക്കറ്റ് ലോകകപ്പ് ഗ്രൂപ്പ് എ മത്സരത്തിൽ ഇന്ത്യയ്ക്കെതിരെ ടോസ് നേടിയ ഓസ്ട്രേലിയ ബാറ്റിംഗ് തെരഞ്ഞെടുത്തു. ഷാർജയിൽ നടന്ന ഗ്രൂപ്പ്-ബി മത്സരത്തിൽ ഇംഗ്ലണ്ട് 10 വിക്കറ്റിന് സ്കോട്ട്ലൻഡിനെ പരാജയപ്പെടുത്തി. 110 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇംഗ്ലണ്ട് 10 ഓവർ ശേഷിക്കെ 113 റൺസെടുത്തു. ആദ്യം ബാറ്റ് ചെയ്ത സ്കോട്ലൻഡ് നിശ്ചിത 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 109 റൺസെടുത്തു.

&&&&&&&&&&&&&&

## RENJI TROPHY

രഞ്ജി ട്രോഫി പുതിയ സീസണിലെ ആദ്യ മത്സത്തിൽ തന്നെ ലീഡ് വഴങ്ങി കേരളം. പഞ്ചാബിന് എതിരെ ആദ്യ ഇന്നിങ്സിൽ കേരളം 179 റൺസിന് പുറത്തായി. ഇതോടെ 15 റൺസിൻ്റെ ഒന്നാം ഇന്നിങ്സ് ലീഡാണ് കേരളം വഴങ്ങിയത്. രണ്ടാം ഇന്നിങ്സ് ബാറ്റിങ് തുടങ്ങിയ പഞ്ചാബ് മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 23 റൺസ് എന്ന നിലയിലാണ്.

&&&&&&&&&&&&&&

## REV TABLE TENNIS RESULT

കസാക്കിസ്ഥാനിലെ അസ്താനയിൽ നടക്കുന്ന ഏഷ്യൻ ചാമ്പ്യൻഷിപ്പ് ടേബിൾ ടെന്നീസ് വനിതാ ഡബിൾസിൽ ആദ്യ

മെഡൽ നേടി ചരിത്രമെഴുതി ഇന്ത്യൻ സഖ്യം. അയ്ഹിക മുഖർജി- സുതീർത്ഥ മുഖർജി സഖ്യമാണ് വെങ്കല മെഡൽ നേടി രാജ്യത്തിന് അഭിമാനമായത്. സെമിയിൽ ജാപ്പനീസ് കൂട്ടുകെട്ടായ മിവ ഹാരിമോട്ടോ-മിയു കിഹാരയോട് 0-3 ന് പരാജയപ്പെട്ടതോടെയാണ് ഇന്ത്യൻ സഖ്യത്തിന് വെങ്കല മെഡൽ കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നത്.

&&&&&&&&&&&&&&
&&&&&&&&
&&&